"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്- എക്സൈസ്- ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) -അബ്കാരി കുടിശ്ശികയുടെ തിരിച്ചടവ് കാലാവധി ദീർഘിപ്പിക്കുന്നത് - ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.21/2025/TAXES തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-

1. 26/05/2008-ലെ സ.ഉ.(കൈ) നം.108/2008/നി.വ നമ്പർ ഉത്തരവ്.
2. 22/02/2023-ലെ സ.ഉ.(കൈ) നം.12/2023/നി.വ നമ്പർ ഉത്തരവ്.
3. 22/08/2023-ലെ സ.ഉ.(കൈ) നം.88/2023/നി.വ നമ്പർ ഉത്തരവ്.
4. 15/07/2024-ലെ സ.ഉ.(കൈ) നം.43/2024/നി.വ നമ്പർ ഉത്തരവ്.
5. എക്സൈസ് കമ്മീഷണറുടെ 12.02.2025-ലെ EXC/1986/2020-XM4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിലെ അബ്കാരി കുടിശ്ശികകൾ ഊർജിതമായി പിരിച്ചെടുക്കുന്നതിനായി ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നടപ്പിലാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിവിധ സർക്കാർ ഉത്തരവുകളിലൂടെ 31.03.2017 വരെ പ്രസ്തുത പദ്ധതി നിലവിലുണ്ടായിരുന്നു. തുടർന്ന് പുതിയ ആംനെസ്റ്റി സ്കീമിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് ചുവടെ ചേർത്തിട്ടുള്ള നിബന്ധനകളോടെ ആംനെസ്റ്റി സ്കീം നടപ്പിലാക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

1. 1949-50 മുതൽ 31.03.1996 വരെയുള്ള കുടിശ്ശികയുടെ മുതൽ തുകയുടെ 75% അടയ്ക്കുകയാണെങ്കിൽ മുഴുവൻ പലിശയും, പിഴപലിശയും, മുതലിന്റെ 25 ശതമാനവും ഒഴിവാക്കാവുന്നതാണ്.
2. 1996-97 നും 2000-01 നും ഇടയിലുള്ള കുടിശ്ശികയ്ക്ക് മുതലിന്റെ 90% അടച്ച് പലിശയും, പിഴപലിശയും, മുതലിന്റെ 10 ശതമാനവും ഒഴിവാക്കാവുന്നതാണ്.

3. 2001-02 നും 2011-12 നും ഇടയിലുള്ള കുടിശ്ശികയ്ക്ക് മുതൽ തുകയുടെ 100% അടച്ച് പലിശയും, പിഴപലിശയും ഒഴിവാക്കാവുന്നതാണ്.
4. ഡിസ്റ്റിലറികൾ, ബ്ലെന്റിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, കെ.എസ്.ബി.സി എന്നിവിടങ്ങളിലെ കോസ്റ്റ് ഓഫ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ലഭിക്കാവാനുള്ള കുടിശ്ശികകൾ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുന്നതല്ല.
5. ആംനെസ്റ്റി സ്കീം പ്രയോജനപ്പെടുത്താത്ത കുടിശ്ശികകാർക്കെതിരെ നിയമ നടപടികൾ തുടരുന്നതാണ്.
6. ആംനെസ്റ്റി സ്കീം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നവരോട് ഭാവിയിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ ഒന്നും നല്കുകയില്ല എന്ന് 500/- രൂപ മുദ്ര പത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. കൂടാതെ നിലവിൽ അബ്കാരി കുടിശ്ശിക സംബന്ധിച്ചുള്ള എല്ലാ കേസുകളും പിൻവലിക്കുകയും വേണം.
7. ആംനെസ്റ്റി സ്കീം പദ്ധതിയിൽ അപേക്ഷ 31.07.2023 വരെ സമർപ്പിക്കാവുന്നതാണ്. ആംനെസ്റ്റി സ്കീം പ്രകാരമുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം എക്സൈസ് കമ്മീഷണർ ഈടാക്കേണ്ട തുക കണക്കാക്കേണ്ടതും, അപേക്ഷകൻ ടി തുകയുടെ 25% മുപ്പത് ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതുമാണ്. അവശേഷിക്കുന്ന തുക പരമാവധി മൂന്ന് തവണകളായി 31/12/2023-ന് മുൻപായി അടച്ച് തീർക്കേണ്ടതാണ്.

2) ഈ പദ്ധതി പ്രകാരം പ്രകാരം കുടിശ്ശിക അടയ്ക്കാനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 2024 ഡിസംബർ 31 വരെയും, കുടിശ്ശിക ഒടുക്കി തീർക്കാനുള്ള കാലാവധി 2025 മാർച്ച് 31 വരെയും ദീർഘിപ്പിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ആംനെസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ട് 22.02.2023 മുതൽ നാളിതുവരെ 49 അപേക്ഷകളിലായി 2,73,94,186/- രൂപ പിരിഞ്ഞുകിട്ടിയിട്ടുള്ളതായി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാവധി ദീർഘിപ്പിക്കുയാണെങ്കിൽ ഉദ്ദേശം 2 കോടി രൂപ കൂടി പിരിച്ചെടുക്കാൻ സാധിക്കുമെന്നതിനാൽ ആംനെസ്റ്റി പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 30.06.2025 വരെയും തുക ഒടുക്കുന്നതിനുള്ള കാലാവധി 30.09.2025 വരെയും ദീർഘിപ്പിച്ച് നൽകണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആംനെസ്റ്റി സ്കീം പദ്ധതിയുടെ കീഴിൽ അബ്കാരി കുടിശ്ശിക അടയ്ക്കുവാനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള

കാലാവധി 30.06.2025 വരെയും, കുടിശ്ശിക ഒടുക്കി തീർക്കാനുള്ള കാലാവധി 30.09.2025 വരെയും ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്),കേരള, തിരുവനന്തപുരം.

2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

3) ധനകാര്യവകുപ്പ് (10.11.2022 ലെ വ്യയം-ബി1/2/2022/ധന പ്രകാരം).

4) റവന്യൂ വകുപ്പ്.

5) വെബ് & ന്യൂ മീഡിയ.

6) സ്റ്റോക്ക് ഫയൽ ഓഫീസ് കോപ്പി (എ1/81/2020/നി.വ)

ഉത്തരവിൻ പ്രകാരം
**Signed by Jagadish Babu M**
**Date: 06-03-2025 16:11:23**
സെക്ഷൻ ഓഫീസർ